പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2041 22.01.2014 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളത്തിനായി ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളത്തിനായി മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നാണ്; | (എ) | 22.07.2009 ൽ ആണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത വിജ്ഞാപനത്തിന്റെ കാലപരിധി എന്നുവരെയാണ്; | (ബി) യും (സി) യും | വിജ്ഞാപനം 22.07.2009 ൽ പുറപ്പെടുവിച്ചുവെങ്കിലും, പ്രസ്തുത വിജ്ഞാപനം വില്ലേജാഫീസിലും, സ്ഥലത്തും പ്രസിദ്ധീകരിച്ചത് 24.03.2010-ൽ ആണ്. 24.03.2010 മുതൽ ഒരു വർഷത്തിനകം കരട് പ്രഖ്യാപനം (DD) അംഗീകരിക്കേണ്ടതുണ്ട്. എന്നാൽ ചില എൽ.എ ബ്ലോക്കുകളെ സംബന്ധിച്ചിടത്തോളം മേൽപ്പറഞ്ഞ കരട് പ്രഖ്യാപനം നിശ്ചിത സമയപരിധി യ്ക്കുള്ളിൽ അംഗീകരിച്ച് പുറപ്പെടുവി ക്കാൻ കഴിയാത്തതു മൂലം 7 എൽ.എ ബ്ലോക്കുകളിൽ ഉൾപ്പെട്ട 142.60 ഏക്കർ ഭൂമിയുടെ വിജ്ഞാപനം റദ്ദായിട്ടുള്ള |
| (സി) | വിജ്ഞാപനത്തിന്റെ കാലപരിധി അവ സാനിച്ചുവെങ്കിൽ പുനർവിജ്ഞാപനം ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവോ; | | |

| | | | |
|---|---|---|---|
| | | | താണ്. ഈ കേസുകളിൽ പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ വേണ്ടി കണ്ണൂർ ജില്ലാ കളക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ പുതിയ വിജ്ഞാപനം എന്നു പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | പുതുക്കിയ കരടു വിജ്ഞാപനം സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |
| (ഇ) | പുതിയ വിജ്ഞാപനപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ? | (ഇ) | പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് ലാൻഡ് അക്വസിഷൻ നടപടികൾ ആരംഭിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ